## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചി നഗരസഭ - ബ്രഹ്മപുരം ഖരമാലിന്യ പ്ലാന്റ് - സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിനാവശ്യമായ 85 കോടി രൂപ (എൺപത്തിഅഞ്ച് കോടി രൂപ) കെ.യു.ആർ.ഡി.എഫ്.സിയ്ക്ക് വായ്പയായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാ) നം.87/10/തസ്വഭവ. തിരുവനന്തപുരം, തീയതി 11/01/2010

---

പരാമർശം:- 1. സ.ഉ.(സ) നം.749/08/തസ്വഭവ തീയതി 13/3/2008

2. *KSUDP, Project Director*-ടെ 25/9/2009-ലെ 2009/2989/25/ **KSUDP** നമ്പർ കത്ത്.

3. കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 14/10/2009-ലെ MOP2 *JNNURM/24139/2008*-ാം നമ്പർ കത്ത്.

4. 8/10/2009-ലെ 49-ാം നമ്പർ കൊച്ചിൻ കോർപ്പറേഷൻ കൗൺസിൽ തിരുമാനം

5. എറണാകുളം ജില്ലാകളക്ടറുടെ 12/11/2009-ലെ C3-46780/07 (1) ാം നമ്പർ കത്ത്.

### ഉത്തരവ്

ബ്രഹ്മപുരം ഖരമാലിന്യ പ്ലാന്റ് വികസനത്തിനായി പുത്തൻകുരിശ് വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 18.33.03 ഹെക്ടർ സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന്, ഇത് സംബന്ധിച്ച് സർക്കാരിന് യാതൊരുവിധ സാമ്പത്തിക, വ്യവഹാര ബാധ്യതകളും ഉണ്ടായിരിക്കുന്നതല്ല എന്നും അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി ജില്ലാകളക്ടർ മുമ്പാകെ അടയ്ക്കേണ്ടതുമാണ് എന്ന് നിബന്ധനയുടെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ കോർപ്പറേഷന്റെ *ഇപ്പോഴത്തെ സാമ്പത്തിക നില പരിമിതമായതിനാൽ, ഭൂമി ഏറ്റെടുക്കുന്നതിന് ഇപ്പോൾ വേണ്ട* 85 കോടി രൂപ സർക്കാരിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം 3 പ്രകാരം കൊച്ചി നഗരസഭാ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ അക്വസിഷൻ നടപടി പൂർത്തിയാക്കുന്നതിനായി കോർപ്പറേഷൻ ആവശ്യപ്പെട്ട പ്രകാരം 85 കോടി രൂപ വായ്പയായി '6217-60-190-99' എന്ന ശീർഷകത്തിൽ കെ.യു.ആർ.ഡി.എഫ്.സി, മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. അക്വിസിഷന് ആവശ്യമായ തുക എറണാകുളം ജില്ലാ കളക്ടർ ആവശ്യപ്പെടുന്നതനുസരിച്ച് കെ.യു.ആർ.ഡി.എഫ്.സി, മാനേജിംഗ് ഡയറക്ടർ അനുവദിക്കുന്നതാണ്. അക്വസിഷനു ശേഷം ഏറ്റെടുത്തഭൂമി കൊച്ചി കോർപ്പറേഷൻ സർക്കാരിന് കൈമാറി നൽകേണ്ടതാണെന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാജേഷ് കുമാർ സിംഗ്
സെക്രട്ടറി

*ചെയർമാൻ, കെ.യു.ആർ.ഡി.എഫ്.സി*
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി
സെക്രട്ടറി, കൊച്ചിൻകോർപ്പറേഷൻ
ജില്ലാകളക്ടർ, എറണാകുളം
പ്രൊജക്ടർ ഡയറക്ടർ, കെ.എസ്.യു.ഡി.പി
അക്കൗണ്ടന്റ് ജനറൽ എ ആന്റ് ഇ/ഓഡിറ്റ്
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്
✓ ഡയറക്ടർ., ഇൻഫർമേഷൻ കേരളാമിഷൻ
*കരുതൽ ഫയൽ/ഓഫീസ് കോപ്പി.*

ധന വകുപ്പ് (6/1/2010-ലെ 91195/ B.W-H2/09/Fin. പ്രകാരം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ